# ഹാർവാർഡ് ശൈലിക്കൊരു ആമുഖം

- നിമ്മി കെ.

മറ്റു വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ സംഘടനകളുടെയോ ആശയങ്ങൾ, സിദ്ധാന്തങ്ങൾ, വിവരങ്ങൾ തുടങ്ങിയവ നേരിട്ട് ഉദ്ധരിച്ചോ പരാവർത്തനം ചെയ്തോ സംഗ്രഹിച്ചോ സ്വീകരിക്കുമ്പോൾ കൃത്യമായ റഫറൻസ് നൽകേണ്ടതുണ്ട്. ഇതിനു അംഗീകൃതമായ പല രീതികൾ ഉള്ളതിൽ ഒന്നാണ് ഹാർവാർഡ് റഫറൻസ് ശൈലി. 'AUTHOR–YEAR METHOD' എന്നും ഇത് അറിയപ്പെടുന്നു. ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ ജീവശാസ്ത്രവിഭാഗം പ്രൊഫസറും ഹാർവാർഡ് സുവോളജിക്കൽ ലബോറട്ടറിയുടെ ഡയരക്ടറുമായിരുന്ന എഡ്വേർഡ് ലോറെൻസ് മാർക്ക് 1881-ൽ ഗാർഡൻ സ്ലഗിന്റെ ഭ്രൂണോല്പത്തിയെക്കുറിച്ച് ഒരു പ്രബന്ധം (*Limax campestris*) പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ പഠനത്തിലാണ് ആദ്യമായി AUTHOR- YEAR METHOD കാണപ്പെട്ടതെന്നു കരുതപ്പെടുന്നു. ഹാർവാർഡിലെ മ്യൂസിയം ഓഫ് കമ്പാരറ്റിവ് സുവോളജി ലൈബ്രറിയിലെ കാറ്റലോഗിങ്ങ് സംവിധാനത്തിൽ നിന്നാവാം അദ്ദേഹം ഈ രീതി സ്വീകരിച്ചിട്ടുണ്ടാവുക. ഹാർവാർഡ് മെഡിക്കൽ സ്കൂളിലെ പ്രൊഫസർ ചാൾസ് സെഡ്വിഗ് മിനോറ്റ് 1896 - ൽ പ്രസിദ്ധീകരിച്ച ബിബ്ലിയോഗ്രഫിയെ സംബന്ധിച്ച പേപ്പറിൽ AUTHOR- YEAR റെഫെറൻസ് രീതിയുടെ കർതൃത്വം എഡ്വേർഡ് ലോറെൻസ് മാർക്കിനാണ് നൽകുന്നത്. കൂടാതെ തിയോഡോർ റൂസ്വെൽറ്റ് അടക്കമുള്ള മാർക്കിന്റെ 140 വിദ്യാർത്ഥികൾ ഗുരുവിനു സമര്പ്പിച്ച അനുമോദനക്കുറിപ്പുകളുടെ സമാഹാരത്തിൽ മാർക്ക് തന്റെ ലിമാക്സ് പേപ്പറിലൂടെ പരിചയപ്പെടുത്തിയ പുതിയ റഫറൻസ് രീതിയുടെ മേന്മയെ കുറിച്ചും പ്രസ്താവിക്കുന്നുണ്ട്. ഹാർവാർഡ് സിസ്റ്റം എന്ന പേര് ഈ റഫറൻസ് രീതിയ്ക്ക് വന്നതിനെ കുറിച്ചും അഭ്യൂഹങ്ങൾ മാത്രമാണുള്ളത്. ഈ രീതി ഔദ്യോഗികമായി ഹാർവാർഡ് യൂണിവേഴ്സിറ്റിയല്ല അവതരിപ്പിച്ചതെന്നും, ഹാർവാർഡ് യുണിവേഴ്സിറ്റി ലൈബ്രറി സന്ദർശിച്ച ഒരു ഇംഗ്ലീഷുകാരൻ അവിടെ ഉപയോഗിച്ചിട്ടുള്ള ബിബ്ലിയോഗ്രഫിക്കൽ റഫറൻസ് രീതിയിൽ ആകൃഷ്ടനാവുകയും ഇംഗ്ലണ്ടിൽ തിരിച്ചെത്തിയ അദ്ദേഹം അവിടെ കണ്ട രീതിയെ ആ പേരിൽ

പരാമർശിച്ചതുമാവാം എന്നും 1945 – ലെ ബ്രിട്ടീഷ് മെഡിക്കൽ ജേർണലിലെ മുഖപ്രസംഗത്തിൽ കാണുന്നു.

ഹാർവാർഡ് റഫറൻസ് ശൈലിയിൽ പ്രധാനമായി രണ്ടു ഭാഗങ്ങളുണ്ട്:

**In – text citation** - പാഠത്തിനകത്ത് നൽകുന്ന പരാമർശമാണിത്. ഏതെങ്കിലും വിധത്തിൽ ഉദ്ധരിച്ച വാക്യങ്ങൾക്കു ശേഷം ഒരു വലയത്തിനകത്തായി രചയിതാവിന്റെ സർനെയിം (കുടുംബപ്പേര്), പ്രസിദ്ധീകരിച്ച തീയതി, പേജ് നമ്പർ എന്നീ പ്രാഥമികവിവരങ്ങൾ നൽകുന്നു.

(സർനെയിം ഉപയോഗിച്ചുള്ള അഭിസംബോധന ഇംഗ്ലീഷ് ശൈലിയുടെ ഭാഗമാണ്. ഔപചാരികമായ എല്ലാ സന്ദർഭങ്ങളിലും വ്യക്തികൾ പരസ്പരം സർനെയിം ഉപയോഗിച്ചുള്ള അഭിസംബോധന മാത്രമേ പതിവുള്ളൂ. അത്രയ്ക്ക് അടുപ്പമുള്ളവർ തമ്മിലേ യഥാർത്ഥ പേര് വിളിക്കുകയുള്ളൂ. മലയാളത്തെ സംബന്ധിച്ച് എഴുത്തുകാരെ അവർ അറിയപ്പെടുന്ന പേരുകളിൽ തന്നെ റെഫറൻസിൽ നല്കുന്നതിലാണ് സ്വാഭാവികത.)

**Reference List** : പാഠത്തിനകത്തായി നൽകിയ എല്ലാ റഫറൻസുകളുടെയും വിശദ വിവരങ്ങൾ പ്രബന്ധത്തിന്റെ അവസാനം നൽകുന്നതാണ് റഫറൻസ് ലിസ്റ്റ്. ഇതിൽ രചയിതാവിന്റെ പേര്, പ്രസിദ്ധീകരിച്ച തീയതി, പ്രസിദ്ധീകരണത്തിന്റെ പേര്, പ്രസാധകൻ, പ്രസിദ്ധീകരിച്ച സ്ഥലം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തുന്നു.

## റഫറൻസ് ലിസ്റ്റും ബിബ്ലിയോഗ്രഫിയും

റഫറൻസ്ലിസ്റ്റിൽ നിന്നും വ്യത്യസ്തമാണ് ബിബ്ലിയോഗ്രഫി. പാഠത്തിൽ ഏതെങ്കിലും വിധത്തിൽ ഉദ്ധരിച്ചവയുടെ റഫറൻസ് മാത്രമേ റഫറൻസ് ലിസ്റ്റിൽ ഉണ്ടാകൂ. എന്നാൽ പാഠത്തിൽ ഉദ്ധരിച്ചിട്ടുണ്ടോ ഇല്ലയോ എന്ന വിവക്ഷ കൂടാതെ, പ്രബന്ധരചനയ്ക്കായി ഉപയോഗിച്ച എല്ലാ സ്രോതസ്സുകളെയും കുറിച്ചുള്ള സമ്പൂർണവിവരങ്ങൾ ബിബ്ലിയോഗ്രഫിയിൽ ഉൾക്കൊള്ളിക്കുന്നു.

പാഠത്തിനകത്തെ റഫറൻസിനു രണ്ടു രീതികൾ ഉണ്ട് :

1. **Author-prominent (കർതൃപ്രധാനം)** : എഴുത്തുകാരന് പ്രാമുഖ്യം നൽകുന്ന ഈ രീതിയിൽ ഉദ്ധരണിയ്ക്ക് മുമ്പായി രചയിതാവിന്റെ പേര് നൽകും.

ശ്രീ. പോൾ(1953, പു. 85) വാദിക്കുന്നതുപോലെ 'പുരോഗമാനോത്സുകമായ ഒരു സാഹിത്യത്തിൽ എല്ലാ ആദർശങ്ങളും അഭിപ്രായങ്ങളും നിശിതവും നിഷ്കൃഷ്ടവുമായ ഹാസ്യപ്രയോഗത്തിന് വിഷയീഭവിക്കേണ്ടതാണ്.'

അല്ലെങ്കിൽ

ശ്രീ. പോൾ വാദിക്കുന്നതുപോലെ 'പുരോഗമാനോത്സുകമായ ഒരു സാഹിത്യത്തിൽ എല്ലാ ആദർശങ്ങളും അഭിപ്രായങ്ങളും നിശിതവും നിഷ്കൃഷ്ടവുമായ ഹാസ്യപ്രയോഗത്തിന് വിഷയീഭവിക്കേണ്ടതാണ്.' (1953, പു. 85)

അല്ലെങ്കിൽ

ശ്രീ. പോൾ(1953) വാദിക്കുന്നതുപോലെ 'പുരോഗമാനോത്സുകമായ ഒരു സാഹിത്യത്തിൽ എല്ലാ ആദർശങ്ങളും അഭിപ്രായങ്ങളും നിശിതവും നിഷ്കൃഷ്ടവുമായ ഹാസ്യപ്രയോഗത്തിന് വിഷയീഭവിക്കേണ്ടതാണ്.' (പു. 85)

സംഘടനയാണ് രചയിതാവിന്റെ സ്ഥാനത്തെങ്കിൽ, ആ സംഘടനയുടെ പേര് ഒന്നിൽ കൂടുതൽ തവണ പാഠത്തിനകത്ത് വരുന്നുണ്ടെങ്കിൽ ആദ്യത്തെ തവണ മുഴവൻ പേര് കൊടുത്ത ശേഷം ഇനീഷ്യൽ വലയത്തിൽ നൽകുക. പിന്നീട് ആ ഇനീഷ്യൽ മാത്രം എഴുതിയാൽ മതിയാകും.റഫറൻസ് ലിസ്റ്റിലും പേരിന്റെ കൂടെ ഇനീഷ്യൽ വലയത്തിൽ നൽകണം.

2. **Information – prominent ( വിവരപ്രധാനം)** : വിവരത്തിനു പ്രാമുഖ്യം ലഭിക്കുന്ന ഈ രീതിയിൽ ഉദ്ധരിക്കുന്ന വാക്യത്തിനു ശേഷമായിരിക്കും എഴുത്തുകാരന്റെ പേര് സൂചിപ്പിക്കുക

'പുരോഗമാനോത്സുകമായ ഒരു സാഹിത്യത്തിൽ എല്ലാ ആദർശങ്ങളും അഭിപ്രായങ്ങളും നിശിതവും നിഷ്കൃഷ്ടവുമായ ഹാസ്യപ്രയോഗത്തിന് വിഷയീഭവിക്കേണ്ടതാണ്.'(എം പി പോൾ 1953, പു. 85).

**പേജ് നമ്പർ**

നേരിട്ട് ഉദ്ധരിക്കുമ്പോൾ പേജ് നമ്പര് നിർബന്ധമായും നൽകണം. ഗ്രന്ഥകാരന്റെ ആശയം പരാവർത്തനം ചെയ്തു ചേർക്കുകയാണെങ്കിലും പേജ് നമ്പർ നൽകുന്നത് അഭികാമ്യമാണ്. ഇത് അനുവാചകനെ ആശയത്തിന്റെ കൃത്യമായ സ്രോതസ്സ് കണ്ടെത്താൻ സഹായിക്കുന്നു. എന്നാൽ പുസ്തകങ്ങളുടെയോ മറ്റേതെങ്കിലും വിധത്തിലുള്ള സ്രോതസ്സുകളുടെയോ ഉള്ളടക്കം മുഴുവനായി സൂചിപ്പിക്കുകയാണെങ്കിൽ പേജ് നമ്പർ നൽകേണ്ടതില്ല.

പേജ് നമ്പർ നൽകുന്ന വിധം :

ഒരു പേജ് മാത്രമെങ്കിൽ - ( വത്സലൻ വാതുശ്ശേരി 2015, പു.31)

തുടർച്ചയായ പേജുകൾ ആണെങ്കിൽ - (വത്സലൻ വാതുശ്ശേരി 2015, പു.25-26)

തുടർച്ചയായ പേജുകൾ അല്ലെങ്കിൽ -(വത്സലൻ വാതുശ്ശേരി 2015, പു. 14,15 & 46)

**ഇലക്ട്രോണിക് പ്രസിദ്ധീകരണങ്ങൾക്ക് പേജ് നമ്പർ നൽകുന്ന വിധം:**

അച്ചടിച്ചവയ്ക്ക് കൂടാതെ ഇ-പ്രസിദ്ധീകരണങ്ങൾക്കും പേജ് നമ്പര് നൽകേണ്ടതാണ്. എന്നാൽ അവയിൽ പേജ് നമ്പര് ഇല്ലാത്തവയും കണ്ടേക്കാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ താഴെ തന്നിരിക്കുന്ന രീതികളിൽ ഏതെങ്കിലും ഒന്ന് സ്വീകരിക്കാം

- പേജ് നമ്പർ ഏകദേശം നൽകാം. ഉദാ: 9 പുറങ്ങളുള്ളതിൽ 3
- ഹ്രസ്വമായ രചനയാണെങ്കിൽ ഖണ്ഡികയുടെ നമ്പർ നൽകാം ( ഖ. 4)
- പ്രസക്തമായ ശീർഷകമോ ഉപശീർഷകമോ നൽകിയും സൂചിപ്പിക്കാം

കുറിപ്പ്: ഇംഗ്ലീഷിൽ ഒരു പുറത്തിന് p. എന്നും ഒന്നിൽ കൂടുതൽവന്നാൽ pp. എന്നുമാണ്. എന്നാൽ മലയാളത്തിൽ ഒന്നിൽ കൂടുതൽ പേജുകൾ ഉള്ളപ്പോഴും പുറം എന്നതിന്റെ ചുരുക്കെഴുത്തായ പു. എന്നു തന്നെ ഉപയോഗിക്കുന്നതാണ് ഉചിതം.

**ദൃശ്യ- ശ്രാവ്യമാധ്യമങ്ങൾ**

ഉദ്ധരിക്കുന്ന ശബ്ദത്തിന്റെയോ ദൃശ്യത്തിന്റെയോ ഖണ്ഡത്തിന്റെ സമയം നൽകണം.

‘മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു’(വയലാർ 1972, sec.32:45) എന്ന തത്വചിന്താപരമായ വരികൾ......

**doi**

‘digital object identifier’ എന്നതിന്റെ ചുരുക്കെഴുത്താണ് doi. ഇ - പ്രസിദ്ധീകരണങ്ങളിലെ ഓരോ ലേഖനത്തിനും പ്രത്യേകം നൽകുന്ന തിരിച്ചറിയൽ നമ്പരാണിത്. doi ഉള്ള ലേഖനമാണെങ്കിൽ ആദ്യ പേജിൽ ആ നമ്പർ നൽകിയിരിക്കും.ചെറിയ അക്ഷരങ്ങളിൽ doi എഴുതി അപൂർണവിരാമം ഇട്ട ശേഷം നമ്പർ എഴുതണം. കൂടെ URL, സന്ദർശിച്ച തീയതി, ഡാറ്റാബേസിന്റെ പേര് എന്നിവ പിന്നെ ആവശ്യമില്ല.

Novick,M 2012, ‘Allowable interval sequences and seperating convex sets in the plane’,Discrete computational Geometry, vol. 47 , no. 2, pp. 378–392, doi:10.1007/s00454-011-9365-5

**ഉദ്ധരണികൾ.**

ഉദ്ധരിക്കുമ്പോൾ സ്രോതസ്സിലെ വാചകങ്ങൾ അതേപടി പകർത്തുകയാണ് ചെയ്യുന്നത്. ഒറ്റ ഉദ്ധരണി ചിഹ്നം ഇവിടെ ഉപയോഗിക്കുന്നു. ഒരു ഉദ്ധരണിക്കുള്ളിൽ മറ്റൊന്ന് വരുമ്പോൾ അത് ഇരട്ട ഉദ്ധരണി ചിഹ്നം ഉപയോഗിച്ച് വേർതിരിക്കുന്നു. ഒരു പ്രബന്ധത്തിലെ മുഴുവൻ വാക്കുകളുടെയും 10 ശതമാനത്തിൽകുറവ് മാത്രമേ ഉദ്ധരണികള് പാടുള്ളൂ എന്നുണ്ട്..

**ദീർഘ ഉദ്ധരണികൾ**

30 വാക്കിൽ കൂടുതൽ ഉള്ള ഉദ്ധരണികളാണ് ദീർഘ ഉദ്ധരണികൾ.

- സ്വന്തം വാക്കുകളിൽ മുഖവുര നൽകണം.
- ഉദ്ധരണി ചിഹ്നങ്ങൾ പാടില്ല.

- പുതിയൊരു വരിയായി ഇടത് വശത്തെ മാർജിനിൽ നിന്നും ഏകദേശം 1.27 cm അകറ്റി എഴുതണം.
- പ്രബന്ധത്തിൽ ഉപയോഗിച്ചതിൽനിന്നും അല്പം കുറഞ്ഞ അക്ഷരവലുപ്പത്തിൽ ദീർഘ ഉദ്ധരണികൾ രേഖപ്പെടുത്തണം.
- എഴുതിക്കൊണ്ടിരിക്കുന്ന വരിയിൽ നിന്നും അപൂർണവിരാമം(:) ഉപയോഗിച്ച് ഉദ്ധരണിയെ വേർതിരിക്കുക. കൂടാതെ ഉദ്ധരണിയ്ക്ക് മുൻപ് ഒരു വരി എഴുതാതെ വിടുക

റൊമാൻറിസിസത്തിന്റെ മാർദ്ദവമല്ല, പക്വമായ ജീവിതദർശനത്തിന്റെ ഉള്ളുറപ്പാണ് ഇടശ്ശേരിക്കവിതയുടെ കാതൽ:

നാടൻജീവിതത്തിന്റെ ശാലീനസൗന്ദര്യത്തെയും നന്മകളുടെ സമൃദ്ധിയെയും ശീലാചാരവിശുദ്ധികളെയും മുക്തകണ്ഠം പ്രശംസിക്കുന്ന റൊമാൻറിക് രീതിക്കെതിരാണ് അടിമുടി നാടനായ ഈ കവി. ആ ജീവിതമുൾക്കൊള്ളുന്ന വൈരൂപ്യങ്ങളെയും ദുരിതങ്ങളെയും ദീനതകളെയുമാണ് കവി ദൃഷ്ടിപ്രാധാന്യേന കാണുന്നത്. കാണുന്നതോ, കണ്ണീരൊലിപ്പിച്ചും മാറത്തടിച്ചലമുറയിട്ടുകൊണ്ടുമല്ല. ശുഭാപ്തിവിശ്വാസിയായ കവി, തന്റെ ഹൃദയാലുത്വം പ്രകടമായി നിർഗ്ഗളിപ്പിക്കുന്നതിനു പകരം, അതൊതുക്കിപ്പിടിച്ചുകൊണ്ട് കാര്യവിവരമുള്ള ഒരു കാഴ്ച്ചക്കാരന്റെ മട്ടിൽ, ഏറിയാൽ ആ ജീവിതത്തിന്റെ ഭാഗമെന്ന മട്ടിൽ ചിലപ്പോൾ ഒരു നേരിയ നർമത്തിന്റെ നനവോടെ, മറ്റു ചിലപ്പോൾ തികച്ചും നിസംഗനായി, ചില ഘട്ടങ്ങളിൽ സത്യത്തിന്റെ ക്രൂരത പൂർണനഗ്നമാക്കിക്കൊണ്ട് അദ്ദേഹം ഗ്രാമചേതനയെ നിവർണ്ണനം ചെയ്യുന്നു

**ഹ്രസ്വ ഉദ്ധരണികൾ**

30വാക്കിൽ കുറവുള്ളതാണ് ഹ്രസ്വ ഉദ്ധരണികൾ. അവ എഴുതിക്കൊണ്ടിരിക്കുന്ന വാക്യത്തിൽ നിന്നും വേർതിരിക്കാതെ അതിനുള്ളിൽ തന്നെ ഒറ്റ ഉദ്ധരണി ചിഹ്നത്തിനുള്ളിൽ നൽകുന്നു. പ്രബന്ധത്തിൽ ഉപയോഗിച്ച അതേ അക്ഷരവലുപ്പം തന്നെയാവും ഹ്രസ്വ ഉദ്ധരണിക്കും.

| |
|---|
| ആധുനികത, ഇന്നേറ്റവുമധികം നിർവചിക്കപ്പെടുകയും പുനർനിർവചിക്കപ്പെടുകയും ചെയ്യുന്ന പദമാണ്. ' ബന്ധങ്ങളുടെ പുനർക്രമീകരണത്തിലൂടെ വളർന്നുവന്ന പുതിയ മൂല്യവ്യവസ്ഥയും സാമൂഹിക കാലാവസ്ഥയും ലോകബോധവും ചേർന്നാണ് ആധുനികതയെ സൃഷ്ടിച്ചത് എന്നത് അതിനു കൊടുക്കാവുന്ന ഏറ്റവും ലളിതമായ നിർവചനമായിരിക്കും' (രവീന്ദ്രൻ 2018, പു.155) |

മറ്റൊരു സ്രോതസ്സിൽ നിന്ന് ഒരു ലേഖനത്തിൽ ഉദ്ധരിച്ചത് അതിൽ നിന്ന് വീണ്ടും ഉദ്ധരിക്കുമ്പോൾ രണ്ടു സ്രോതസ്സുകളുടെയും രചയിതാക്കളെയും പ്രസിദ്ധീകരിച്ച വർഷവും പാഠത്തിനകത്തെ പരാമർശത്തിൽ നൽകണം. റഫറൻസ് ലിസ്റ്റിൽ യഥാർത്ഥ സ്രോതസ്സിനു പകരം ഉദ്ധരിക്കപ്പെട്ട ലേഖനത്തിന്റെ വിവരങ്ങളാണ് നൽകേണ്ടത്.

| പാഠത്തിനകത്തെ പരാമർശം | | റഫറൻസ് ലിസ്റ്റ് |
|---|---|---|
| <u>വിവരപ്രധാനം</u><br>ഉത്തരാധുനികഥ ഉപഭോഗത്തെയോ മാധ്യമവിഭ്രമത്തെയോ...<br>.....<br>(രാജശേഖരൻ പി കെ 2007, ഉദ്ധരിച്ചത് വിജയലത ആർ,2019, പു. 71) | <u>കർതൃപ്രധാനം</u><br>പി കെ രാജശേഖരൻ(2007, ഉദ്ധരിച്ചത് വിജയലക്ഷ്മി ആർ,2019,പു.71) ഉത്തരാധുനികകഥകളെ നിരീക്ഷിക്കുന്നത് "ഉത്തരാധുനികഥ ഉപഭോഗത്തെയോ മാധ്യമവിഭ്രമത്തെയോ...... ...." | വിജയലക്ഷ്മി,ആർ 2019, 'മാധ്യമങ്ങളിലെ സ്ത്രീസ്വത്വം ഉത്തരാധുനികകഥയിൽ', *വിജ്ഞാനകൈരളി,* വാല്യം 51,ലക്കം.5, പു. 71 |

**et.al**

'and others' എന്നതിന്റെ ചുരുക്കെഴുത്താണിത്. രണ്ടോ മൂന്നോ പേര് ചേർന്ന് രചിച്ച പുസ്തകങ്ങൾ പാഠത്തിനകത്ത് പരാമർശിക്കുമ്പോഴെല്ലാം അവരുടെ എല്ലാവരുടെയും പേരുകൾ നൽകണം. എന്നാൽ നാലോ നാലിലധികമോ രചയിതാക്കൾ ഉണ്ടെങ്കിൽ അവരിൽ ആദ്യത്തെ ആളുടെ പേര് നൽകുകയും അതിനു ശേഷം et.al എന്ന് ചേർക്കുകയും ചെയ്യാം.

കുറിപ്പ്: മലയാളത്തിൽ et.al എന്നതിന് സമാനമായി മുതലായവർ എന്ന വാക്കിന്റെ ചുരുക്കെഴുത്തായ മുത. എന്നാവാം.

## Capitalisation

ഹാർവാർഡ് ശൈലിയിൽ, പുസ്തകങ്ങള്, അവയിലെ അദ്ധ്യായങ്ങൾ, ജേർണൽ ലേഖനങ്ങൾ , റിപ്പോർട്ടുകൾ, വെബ്സൈറ്റുകൾ എന്നിവയുടെ പേരുകൾ മിനിമം ക്യാപിറ്റലൈസേഷൻ രീതിയിലും ജേർണലുകൾ, ആനുകാലികങ്ങൾ എന്നിവയുടെ പേരുകൾ മാക്സിമം ക്യാപിറ്റലൈസേഷൻ രീതിയിലുമാണ് ചെയ്യുക.

## Minimal capitalisation

പുസ്തകങ്ങൾ, അവയിലെ അധ്യായങ്ങൾ, ജേർണലിലെ ലേഖനങ്ങൾ, റിപ്പോർട്ടുകൾ, വെബ്സൈറ്റുകൾ എന്നിവയുടെ പേരുകളിലെ ആദ്യ വാക്കിന്റെ ആദ്യത്തെ അക്ഷരം മാത്രം ക്യാപിറ്റൽ ആക്കണം. തുടർന്നുള്ള വാക്കുകളുടെ ആദ്യാക്ഷരം ചെറിയ അക്ഷരവുമായിരിക്കണം.

രചയിതാവിന്റെ പേര്, ഇനീഷ്യൽ, ജേർണലിന്റെ പേര് , പ്രസാധകന്റെ പേര് എന്നിവയുടെ ആദ്യാക്ഷരവും ക്യാപിറ്റൽ ആയിരിക്കണം.

ലേഖനങ്ങളുടെയോ പുസ്തകങ്ങളുടെയോ, പുസ്തകത്തിലെ അധ്യായങ്ങളുടെയോ പേരിൽ അപൂർണ വിരാമം ഉണ്ടെങ്കിൽ, ആ ചിഹ്നം കഴിഞ്ഞുള്ള വാക്കിന്റെ ആദ്യാക്ഷരം ക്യാപിറ്റൽ ആക്കരുത്. എന്നാൽ ആ വാക്ക് ഒരു സംജ്ഞാനാമമാണെങ്കിൽ ക്യാപിറ്റൽ അക്ഷരത്തിൽതന്നെ തുടങ്ങേണ്ടതാണ്.

| |
|---|
| Spitta, S 1995, Between two waters: narratives of transculturation in latin America , Rice U |

**Maximal capitalization**

ജേർണലുകൾ, ആനുകാലികങ്ങൾ, എന്നിവയുടെ പേരുകളിലെ ആദ്യ വാക്കിന്റെയും the, a, an, Prepositions ('the' , 'a' , 'an' തുടങ്ങിയവ), Conjunctions ( 'and' , 'and' , 'but' തുടങ്ങിയവ) എന്നിവയൊഴിച്ചുള്ള, തുടർന്നു വരുന്ന മറ്റെല്ലാ വാക്കുകളുടെയും ആദ്യാക്ഷരം ക്യാപിറ്റൽ ആയിരിക്കണം.

ഉദാ: European Journal of Sociology

**സ്ഥലസൂചനകൾ**

അച്ചടിച്ച പ്രസിദ്ധീകരണങ്ങൾക്ക് അച്ചടിച്ച സ്ഥലം റഫറൻസ് ലിസ്റ്റിൽ നിർബന്ധമായും നൽകേണ്ടതാണ്. പ്രസാധകന്റെ നഗരമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. എന്നാൽ വിവിധ നഗരങ്ങളുടെ പേരുകൾ നൽകിയിട്ടുണ്ടെങ്കിൽ അവയിൽ ആദ്യത്തെ പേര് ഉപയോഗിക്കാം. പ്രസിദ്ധീകരണസ്ഥലം അപരിചിതമെങ്കിൽ ആ സ്ഥലം ഉൾപ്പെടുന്ന സംസ്ഥാനത്തിന്റെ പേര് കൂടി നൽകാം. പ്രസിദ്ധീകരണസ്ഥലത്തിന്റെ പേര് സമാനമായ മറ്റേതെങ്കിലും സ്ഥലപ്പേരുമായി മാറിപ്പോകാൻ ഇടയുണ്ടെങ്കിൽ ആ സ്ഥലത്തെ സംബന്ധിച്ച മറ്റെന്തെങ്കിലും സൂചനകൾ കൂടി നൽകാം. അതായത് അതുൾപ്പെടുന്ന സംസ്ഥാനത്തിന്റെയോ രാജ്യത്തിന്റെയോ പേര് കൂടി നൽകാം

**റഫറൻസ് ലിസ്റ്റിന്റെ രൂപകൽപ്പന**

റഫറൻസ് ലിസ്റ്റ് പുതിയ പേജിൽ ആരംഭിക്കണം. പ്രബന്ധത്തിന്റെ അവസാന പേജ് ആയിരിക്കണം റഫറൻസ് ലിസ്റ്റ്. അനുബന്ധങ്ങൾ ഉണ്ടെങ്കിൽ അവ മാത്രം റഫറൻസ് ലിസ്റ്റ് കഴിഞ്ഞ് നൽകണം. പ്രബന്ധത്തിലെ അതേ അക്ഷരവലുപ്പം തന്നെയാവണം. ഓരോ റഫറൻസിനു ശേഷവും ഒറ്റവരി അകലം(സിംഗിൾ ലൈന് സ്പേസ്) ഇടുക. റഫറൻസ് ലിസ്റ്റിന്റെ ശീർഷകം **References** എന്ന് തന്നെ ആയിരിക്കണം.

അവ: ബോൾഡ് ആക്കണം.

ഇടത് മാർജിനിൽ നിന്നും തുടങ്ങണം(ലെഫ്റ്റ്അലൈൻഡ്).

പ്രബന്ധത്തിൽ ഉപയോഗിച്ച അതേ അക്ഷരരൂപം(Font style) അതേ വലുപ്പത്തിൽ ഉപയോഗിക്കണം.

(മലയാളത്തിൽ **References** എന്ന വാക്കിനു സമാനമായ വാക്ക് ഉപയോഗിക്കാം ഉദാ: ആധാരസൂചി )

ഹാർവാർഡ് ശൈലിയിൽ ശീർഷകങ്ങൾക്ക് അടിവരയിടുകയോ വിരാമ ചിഹ്നങ്ങൾ ഇടുകയോ ചെയ്യാറില്ല

1. രചയിതാവിന്റെ സർനെയിം ആധാരമാക്കി അകാരാദിക്രമത്തിൽ എഴുതണം.
   ( ഓരോന്നും ആരംഭിക്കുന്നതിനു മുമ്പായി നമ്പറുകളോ മറ്റേതെങ്കിലും ചിഹ്നങ്ങളോ നല്കരുത്.)
2. ഏതെങ്കിലും റഫറൻസ് അക്കത്തിൽ തുടങ്ങുന്നെങ്കിൽ അത് അകാരാദിക്രമത്തിൽ ഉള്ളവയ്ക്ക് മുമ്പായി സംഖ്യാനുസൃതമായി ക്രമീകരിക്കണം.
3. ഒരു പ്രസിദ്ധീകരണത്തിന് ഒന്നിൽ കൂടുതൽ രചയിതാക്കൾ ഉണ്ടെങ്കിൽ അവരുടെ പേരുകൾ നൽകപ്പെട്ട അതേ ക്രമത്തിൽ തന്നെ ലിസ്റ്റിലും ചേർക്കുക.
4. രചയിതാവ് വ്യക്തിക്ക് പകരം സംഘടനയോ സ്ഥാപനമോ ആണെങ്കിൽ അവയുടെ പേരിനെ അടിസ്ഥാനമാക്കി അകാരാദിക്രമം പാലിക്കുക.

   ഉദാ: ISRO

5. രചയിതാവ് ഇല്ലാത്ത ഒരു റഫറൻസ് ആണ് ചേർക്കേണ്ടതെങ്കിൽ ആ ലേഖനത്തിന്റെ ശീർഷകം അടിസ്ഥാനമാക്കി അകാരരാദിക്രമം പാലിക്കുക. ശീർഷകം പൂർണ്ണമായി ലിസ്റ്റിൽ കാണിക്കണം. അകാരാദിക്രമത്തിൽ അടുക്കുമ്പോൾ ഇംഗ്ലീഷിലാണെങ്കിൽ 'The', 'A', 'An' തുടങ്ങിയവ പരിഗണിക്കരുത്. ഉദാഹരണത്തിന് 'The Australian child' എന്നാണ് ശീർഷകമെങ്കിൽ Australian എന്ന വാക്കിലെ A അടിസ്ഥാനമാക്കണം. (രചയിതാക്കളുടെ വിവരം ലഭ്യമല്ലാത്ത സ്രോതസ്സുകൾ ഉപയോഗിക്കുമ്പോൾ ജാഗ്രത പുലർത്തണം.)
6. ഒരു എഴുത്തുകാരന്റെ ഒന്നിലേറെ രചനകള് ഉണ്ടെങ്കിൽ അവ ആദ്യം പ്രസിദ്ധീകരിച്ചത് ആദ്യം വരുന്ന രീതിയിൽ പ്രസിദ്ധീകരണ തീയതിയെ ആധാരമാക്കി അടുക്കുക.
7. ഒരു എഴുത്തുകാരന്റെ ഒരേ വർഷം പ്രസിദ്ധീകരിച്ച ഒന്നിൽ കൂടുതൽ രചനകൾ റഫറൻസ് ലിസ്റ്റിൽ ചേർക്കുമ്പോൾ പുസ്തകത്തിന്റെ അല്ലെങ്കിൽ ലേഖനത്തിന്റെ പേര് അടിസ്ഥാനമാക്കി

അകാരാദിക്രമത്തിൽ എഴുതുന്നത് കൂടാതെ വേർതിരിച്ച് മനസ്സിലാക്കുവാനായി പ്രസിദ്ധീകരിച്ച വർഷത്തിന്റെ കൂടെ അക്ഷരങ്ങൾ(ചെറിയ അക്ഷരങ്ങൾ) കൂടി കൊടുക്കുക.

ഉദാ: Educational Queensland 2007a, Educational Queensland 2007b, Educational Queensland 2007c എന്നിങ്ങനെ. പാഠത്തിനകത്തെ പരാമർശത്തിലും ഈ രീതിയിൽ തന്നെ കൊടുക്കണം.

### ജേർണൽ ലേഖനങ്ങളും ആനുകാലികങ്ങളും

ജേർണലുകളിലെയും ആനുകാലികങ്ങളിലെയും ലേഖനങ്ങളുടെ റഫറൻസ് നൽകുമ്പോൾ ഉൾപ്പെടുത്തേണ്ടവ:

- രചയിതാവിന്റെ സർനെയിം (കുടുംബപ്പേര്), ഇനീഷ്യൽ
- പ്രസിദ്ധീകരിച്ച വർഷം
- ലേഖനത്തിന്റെ പേര് ഒറ്റ ഉദ്ധരണിക്കുള്ളിൽ. ഇംഗ്ലീഷിൽ ആണെങ്കിൽ പേരിലെ ആദ്യ വാക്ക് മാത്രം വലിയ അക്ഷരത്തിൽ തുടങ്ങുന്ന മിനിമം ക്യാപിറ്റലൈസേഷൻ രീതിയിൽ കൂടിയായിരിക്കണം.
- ജേർണലിന്റെ അല്ലെങ്കിൽ ആനുകാലികത്തിന്റെ പേര് ചരിഞ്ഞ അക്ഷരത്തിൽ. ഇംഗ്ലീഷ് പേരുകളിൽ എല്ലാ വാക്കുകളുടെയും ആദ്യാക്ഷരം വലിയ അക്ഷരം ആകുന്ന മാക്സിമം ക്യാപിറ്റലൈസേഷൻ രീതിയിൽ കൂടിയായിരിക്കണം.
- വാല്യം
- ലക്കം അല്ലെങ്കിൽ തിരിച്ചറിയാനുതകുന്ന മറ്റെന്തെങ്കിലും സൂചനകൾ
- പുറം

| |
|---|
| Prentice, C 2010, 'Terms of ambivalence: cultural politics and symbolic exchange', *Australian Literary Studies* , vol. 25, no. 4, pp. 33-54 |

അനു, പി എസ് 2019, ' ഇതിഹാസഭാവനയിലെ സ്ത്രൈണകർതൃനിർമിതി', വിജ്ഞാനകൈരളി, വാല്യം. 51, ലക്കം. 4, പു. 24-29

അജ്ഞാതകർതൃകമായ ലേഖനത്തിന്റെ പേര് (ഏത് തരം സ്രോതസ്സായാലും) ലേഖകന്റെ പേരിന്റെ സ്ഥാനത്ത് ഒറ്റ ഉദ്ധരണിക്കുള്ളിൽ നൽകുക. പാഠത്തിനകത്തും റഫറൻസ് ലിസ്റ്റിലും ഇപ്രകാരം തന്നെ നൽകണം.

### വെബ് പേജിലെ ലേഖനങ്ങൾ

മേൽ പറഞ്ഞ പ്രകാരം അച്ചടിച്ച ലേഖനങ്ങൾക്ക് നൽകുന്ന വിവരങ്ങൾ കൂടാതെ വെബ് അഡ്രസ്സും ഉപയോഗിച്ച തീയതിയും കൂടി വെബ് പേജിലെ ലേഖനങ്ങളുടെ റഫറൻസിനു നൽകണം.

Drowning, S 2010, 'Social control in a subculture of piracy', Journal of Criminal Justice and Popular Culture, vol.17, no. 1, pp. 77 – 123, viewed 18 November 2011, http://www.albany.edu/scj/jcjpc/cjpc_v

ഒരു ഡാറ്റാബേസിൽ നിന്നുള്ള ലേഖനമാണെങ്കിൽ ലേഖനങ്ങൾക്ക് നൽകേണ്ട വിവരങ്ങൾ റഫറൻസിൽ നൽകിയ ശേഷം ആ ഡാറ്റാബേസിന്റെ പേര് കൂടി വലയത്തിനകത്തായി നൽകുക. URL, സന്ദർശിച്ച തീയതി എന്നിവ പിന്നെ ആവശ്യമില്ല.

### ഗ്രന്ഥങ്ങളുടെ റഫറൻസ്

ഉൾപ്പെടുത്തേണ്ടവ:

- രചയിതാവിന്റെ സർനെയിം, ഇനീഷ്യൽ
- പ്രസിദ്ധീകരിച്ച വർഷം

- പുസ്തകത്തിന്റെ പേര് ചരിഞ്ഞ ലിപിയിൽ. (പേര് ഇംഗ്ലീഷിൽ ആണെങ്കിൽ ആദ്യ വാക്ക് മാത്രം വലിയ അക്ഷരത്തിൽ തുടങ്ങുന്ന മിനിമം ക്യാപിറ്റലൈസേഷൻ രീതിയിൽ കൂടിയായിരിക്കണം.)
- എത്രാമത്തെ പതിപ്പ്. ഉദാ: നാലാം പതിപ്പ് (4th edn. )

(ഇ- ബുക്ക് ആണെങ്കിൽ അത് കൂടി ഇതു കഴിഞ്ഞ് സൂചിപ്പിക്കണം)

- പ്രസാധകൻ
- പ്രസിദ്ധീകരിച്ച സ്ഥലം
  (ഇ – ബുക്കുകൾക്ക് സന്ദർശിച്ച തീയതി, URL എന്നിവ കൂടി നൽകണം.
  ഇ-ബുക്ക് റീഡർ (സോണി റീഡർ, കിൻഡിൽ, നൂക്ക് തുടങ്ങിയവ) വഴിയാണ്
  ഇ-ബുക്ക് വായിച്ച് ഉദ്ധരിക്കുന്നതെങ്കിൽ ഉപയോഗിച്ച ഇ-ബുക്ക്റീഡർ ഏതെന്നും വ്യക്തമാക്കണം.)

| |
|---|
| ചാത്തനാത്ത് അച്യുതനുണ്ണി, 1993, *ഗവേഷണം പ്രബന്ധരചനയുടെ തത്ത്വങ്ങൾ*, അഞ്ചാം പതിപ്പ്, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, കേരളം |

| |
|---|
| Machine, David, 2010, *Analysing popular music* , Sage Publications, New Delhi |

എഡിറ്റ് ചെയ്ത ഗ്രന്ഥം:

| |
|---|
| Prabhakara variar , K.M, (ed.), 1985, *History of malayalam language,*The University of Madras, Madras |

ഒന്നിലധികം എഡിറ്റർമാർ ഉള്ളപ്പോൾ:

ടി , അനിതകുമാരി & രാധകൃഷ്ണൻ ഇളയിടത്ത് (എഡി.), 2017, *ഗവേഷണപഠനവും രീതിശാസ്ത്രവും അറിവുല്പാദനത്തിന്റെ പുതുവഴികൾ*, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല,തിരൂർ,മലപ്പുറം

എഡിറ്റ് ചെയ്ത പുസ്തകത്തിലെ അദ്ധ്യായം:

ഭാസ്കർ, ബി ആർ പി 2009, 'അധികാരങ്ങളും മാധ്യമങ്ങളും', പന്മന രാമചന്ദ്രൻ നായർ(എഡി.), മാധ്യമപഠനങ്ങൾ, കറൻറ് ബുക്സ്, കോട്ടയം

ഒന്നിൽ കൂടുതൽ വാല്യങ്ങൾ ഉള്ള എഡിറ്റ് ചെയ്ത പുസ്തകങ്ങളിൽ ഒന്ന്:

പന്മന രാമചന്ദ്രൻ നായർ(എഡി.) 2013, കേരളസംസ്കാരപഠനങ്ങൾ, വാല്യം.1, കേരളസംസ്കാരപഠനങ്ങൾ

ഒരു പരമ്പരയിൽപെട്ട പുസ്തകം:

തിലക് പി കെ 2013, കലാപഠനങ്ങൾ, മാതൃഭൂമി ഭാഷാപഠനസഹായി പുസ്തകശ്രേണി, മാതൃഭൂമി

**വെബ്സൈറ്റ്**

ഉൾപ്പെടുത്തേണ്ടവ:

- വെബ്സൈറ്റിന്റെ രചയിതാവ് അല്ലെങ്കിൽ ഉടമയുടെ പേര്
- പ്രസിദ്ധീകരിച്ച വർഷം(വർഷം ലഭ്യമല്ലെങ്കിൽ വ? (n.d.) എന്ന ചുരുക്കെഴുത്ത് ഉപയോഗിക്കാം.)

- പുറത്തിന്റെ പേര് ചരിഞ്ഞ ലിപിയിൽ ( ഇംഗ്ലീഷിൽ ആണെങ്കിൽ മിനിമം ക്യാപിറ്റലൈസേഷനിൽ)
- സൈറ്റ് സന്ദർശിച്ച തീയതി
- URL (വെബ് വിലാസം), അടിവരയിട്ട്, പൂർണ വിരാമ ചിഹ്നം കൂടാത, കറുപ്പ് നിറമുള്ള ഫോണ്ടിൽ
  (ദീർഘമായ URL ആണെങ്കിൽ അതൊഴിവാക്കാനായി വെബ് പേജിന്റെ കൃത്യമായ അഡ്രസ്സ് നൽകുന്നതിനു പകരം ഹോം പേജിൻറേത് നൽകാം.)

Wikipedia. 2018. *Post truth politics*, 21 january 2019, https://en.wikipedia.org/wiki/post-truth_politics

**അപ്രകാശിത സ്രോതസ്സുകൾ**

പരമാവധി പ്രസിദ്ധീകരിച്ചവ മാത്രം ഉപയോഗിക്കാൻ ശ്രദ്ധിക്കുക. അപ്രകാശിത സ്രോതസ്സുകൾ കഴിവതും ഒഴിവാക്കുക. സാധാരണയായി കോൺഫറൻസുകളിലോ മറ്റും അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളോ സംക്ഷേപങ്ങളോ മറ്റോ ആണ് ഇത്തരത്തിൽ ഉണ്ടാവുക. അധ്യാപകന്റെ മാർഗ നിർദ്ദേശപ്രകാരം മാത്രം ഇവ ഉൾപ്പെടുത്തുക.നിങ്ങൾ തന്നെ മുമ്പ് തയ്യാറാക്കിയ ഭാഗങ്ങൾ ഉൾപ്പെടുത്തണമെങ്കിലും അധ്യാപകന്റെ അനുവാദം വാങ്ങേണ്ടതുണ്ട്.

**അനുബന്ധങ്ങൾ**

റഫറൻസ് ലിസ്റ്റിന് ശേഷമാണ് അനുബന്ധങ്ങൾ ചേർക്കേണ്ടത്. ഓരോ അനുബന്ധ സാമഗ്രിയും വെവ്വേറെ പേജുകളിൽ നൽകണം. അവയെ വേർതിരിക്കാൻ അക്കങ്ങൾക്ക് പകരം അക്ഷരങ്ങള് ഉപയോഗിക്കുന്നു. ഓരോ അനുബന്ധത്തിലെയും ചിത്രങ്ങൾക്കും പട്ടികകൾക്കും നല്കുന്ന പേരുകളിൽ അതുൾപ്പെടുന്ന അനുബന്ധം ഏതെന്നും സൂചിപ്പിക്കണം.

ഉദാ: അനുബന്ധം എ യിലെ ആദ്യത്തെ പട്ടികയ്ക്ക് 'പട്ടിക എ1' എന്ന് പേര് നൽകണം. ചിത്രമാണെങ്കിൽ, 'ചിത്രം എ1'

## സംഖ്യകളും സംഖ്യാനാമങ്ങളും

സംഖ്യകൾക്ക് പ്രാധാന്യമുള്ള പാഠഭാഗമല്ലെങ്കിൽ സംഖ്യകൾ നാമങ്ങളായി തന്നെ എഴുതുക. ഭിന്നസംഖ്യകളും അക്ഷരങ്ങളിൽ എഴുതണം.

ഒരു വാക്യത്തിന്റെ ആരംഭത്തിൽ വരുന്ന സംഖ്യകൾ അക്ഷരങ്ങളിൽ എഴുതുക. ഒൻപതിന് മുകളിലുള്ള സംഖ്യകൾ ആവർത്തിച്ച് വരുന്നുണ്ടെങ്കിൽ അക്കങ്ങളായി എഴുതാം.

അളവുകൾ , സ്ഥിതിവിവരക്കണക്കുകൾ , പ്രായം, സമയം. തീയതി, പണം എന്നിവയെ അക്കങ്ങളിൽ തന്നെ എഴുതുക.

## പ്രബന്ധരൂപകല്പന

- ഹാർവാർഡ് ശൈലിയിൽ ടൈറ്റിൽപേജിനോ പട്ടികകള് നൽകുന്ന പുറങ്ങൾക്കോ നമ്പറിടില്ല. പ്രബന്ധത്തിന്റെ ഉള്ളടക്കം ആരംഭിക്കുന്നതായിരിക്കും ഒന്നാം പേജ്
- പട്ടികകൾക്ക് നമ്പർ ഇട്ട്, വിവരണം തലവാചകമായി പട്ടികയ്ക്ക് മുകളിൽ നൽകുന്നു. ഉറവിടം ഏതെന്ന് താഴെയും രേഖപ്പെടുത്തും.
- ഗ്രാഫുകൾ, ചിത്രങ്ങൾ,ഡയഗ്രം, വരകൾ എന്നിവയെല്ലാം നമ്പർ നൽകി അടിക്കുറിപ്പ് നൽകുന്നു. അതിനു നേരെ താഴെയായി ഉറവിടവും നൽകുന്നു.

## ചുരുക്കെഴുത്തുകൾ

- &

രണ്ടു രചയിതാക്കൾ എങ്കിൽ റഫറൻസ് ലിസ്റ്റിൽ അവരുടെ പേരുകൾക്കിടയിലും രണ്ടിൽക്കൂടുതലെങ്കിൽ അവസാനപേരിനു മുമ്പും ഈ ചിഹ്നം ചേർക്കുന്നു. പാഠത്തിനകത്തെ പരാമർശത്തിലും ഇപ്രകാരം തന്നെ. പക്ഷേ കർതൃപ്രധാനമെങ്കിൽ ഇതു വേണ്ട.

Carter, R & McCarthy, M 2006, *Cambridge grammar of English: a comprehensive guide,* Cambridge University Press, Cambridge.

- വിവ.

  വിവർത്തിത ഗ്രന്ഥങ്ങളുടെ റഫറൻസിൽ വിവർത്തകന്റെ പേരിനു മുൻപായി ഇംഗ്ലിഷിൽ trans. എന്നതിനു സമാനമായി വിവർത്തകൻ എന്ന വാക്കിന്റെ ചുരുക്കെഴുത്തായ വിവ. എന്നാവാം. വിവർത്തകന്റെ പേരെഴുതുമ്പോൾ പതിവിൽ നിന്നു വിപരീതമായി സർനെയിമിനു മുമ്പായി ഇനീഷ്യൽ നൽകണം. രചയിതാവിന്റെ പേര്, പ്രസിദ്ധീകരിച്ച വർഷം, ഗ്രന്ഥത്തിന്റെ അല്ലെങ്കിൽ ലേഖനത്തിന്റെ പേര് എന്നിവയ്ക്കു ശേഷം വിവർത്തകന്റെ പേര് നൽകണം.

  - പരി.

    പരിഷ്കരിച്ചയാളുടെ പേരിനു മുമ്പ് പരി. എന്നെഴുതാം. വിവർത്തിതഗ്രന്ഥമാണെങ്കിൽ വിവർത്തകന്റെ പേരു കഴിഞ്ഞ് നൽകുക.

  - ചതുരവലയം

കൂടുതൽ വ്യക്തതയ്ക്കായി കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ നൽകുന്നത് ചതുരവലയത്തിനുള്ളിൽ.

  - (?)

    സ്രോതസ്സിലെ തെറ്റായ പ്രയോഗങ്ങൾ (അക്ഷരത്തെറ്റോ വ്യാകരണത്തെറ്റോ) ഉള്ളടങ്ങിയ ഭാഗമാണ് ഉദ്ധരിക്കുന്നതെങ്കിൽ ആ തെറ്റിനു ശേഷം ചേർക്കുന്നു.

  - പു?

പേജ് നമ്പർ നൽകിയിട്ടില്ലാത്ത, അച്ചടിച്ച സ്രോതസ്സുകൾക്ക്

➢ നൃ.സം.

നൃത്തസംവിധായകന്/സംവിധായിക.നൃത്തരൂപം സ്രോതസ്സാകുമ്പോൾ

| |
|---|
| ശോഭന(നൃ.സം. 2013) ദശാവതാരകഥ അരങ്ങിൽ ആവിഷ്കരിച്ചപ്പോൾ............... |

➢ സം.

തത്സമയമായതോ റെക്കോർഡ് ചെയ്തതോ ആയ പരിപാടികളുടെ സംവിധായകൻ. ഇത്തരം സ്രോതസ്സുകളിൽ രചയിതാവിന്റെ സ്ഥാനത്താണ് സംവിധായകൻ

| |
|---|
| 'ഛായാമുഖി' യിൽ ഭീമനായി വേഷമിട്ട മോഹൻലാലിന്റെ.......................(പ്രശാന്ത് നാരായണൻ സംവി. 2008) |

## ഇതര സ്രോതസ്സുകൾ

ഇവയെല്ലാം അംഗീകൃതമായ സ്രോതസല്ലെങ്കിലും ഗവേഷണ പ്രധാനമാണെങ്കിൽ ഉപയോഗിക്കാം

- വാർത്താപത്രങ്ങൾ.

ലേഖകന്റെ പേര്, പ്രസിദ്ധീകരിച്ച വർഷം, ലേഖനത്തിന്റെ പേര്, പത്രത്തിന്റെ പേര്, തീയതി, മാസം, പുറം

- ഒരു ന്യൂസ് സർവീസാണ് സ്രോതസ്സെങ്കിൽ (അസോസിയേറ്റഡ് പ്രസ്സ് പോലുള്ളവ) മേൽ കൊടുത്തതിൽ രചയിതാവിന്റെ പേരിന്റെ സ്ഥാനത്ത് ന്യൂസ് സർവീസിന്റെ പേര് നൽകുക.
- സാമൂഹികമാധ്യമങ്ങൾ(ബ്ലോഗ്, ട്വിറ്റർ, ഫേസ്ബുക്ക്, യൂട്യൂബ് തുടങ്ങിയവ), ഗവൺമെൻറ് രേഖകൾ, വ്യാവസായിക റിപ്പോർട്ടുകൾ, നിയമസംബന്ധമായ രേഖകൾ, കോൺഫറൻസ് രേഖകള്, മാപ്പുകൾ,

ചിത്രങ്ങൾ, പട്ടികകൾ, കമ്പ്യൂട്ടർ സോഫ്റ്റ്വെറുകൾ, വെബ് സോഫ്റ്റ്വെറുകൾ, സി ഡി റോം / ഡിവിഡി റോം, അരങ്ങിലെ അവതരണങ്ങൾ, തത്സമയ പരിപാടികൾ, റേഡിയോ പ്രക്ഷേപണങ്ങൾ, ടി വി പ്രക്ഷേപണങ്ങൾ, പ്രസംഗത്തിന്റെയും മറ്റും കൈയെഴുത്ത് പ്രതികൾ തുടങ്ങിയവയെല്ലാം ഈ മാറിയ കാലത്ത് സ്രോതസ്സുകളാണ്. അവ റഫറൻസ് ലിസ്റ്റിൽ ചേർക്കുമ്പോൾ അവ ഏതെന്ന് വ്യക്തമാക്കണം. പ്രസിദ്ധീകരിച്ച വർഷം നൽകിയ ശേഷമാണ് ഇതെഴുതേണ്ടത്.

| |
|---|
| അരുൺകുമാർ2018, സത്യാനന്തരകാലത്തെ നമ്മൾ , യൂട്യൂബ് വീഡിയോ , കണ്ടത് 13-ജനവരി2019, <https//www.youtube.com/watch?v=POrwFVCHPqc |

## മറ്റു നിർദ്ദേശങ്ങൾ

- പ്രബന്ധങ്ങൾക്ക് റഫറൻസ് നൽകുമ്പോൾ അവ ഗവേഷണപ്രബന്ധമാണോ ബിരുദതലത്തിലുള്ള പ്രബന്ധമാണോ ബിരുദാനന്തരബിരുദതലത്തിലുള്ള പ്രബന്ധമാണോ എന്നു വ്യക്തമാക്കണം.
- വ്യക്തിപരമായ ആശയവിനിമയങ്ങൾ സ്രോതസ്സാക്കുമ്പോൾ അവ പാഠത്തിനകത്ത് മാത്രം പരാമർശിക്കുന്നു. റഫറൻസ് ലിസ്റ്റിൽ ഉൾപ്പെടുത്തില്ല. കാരണം അവ പ്രസിദ്ധീകരിക്കപ്പെടാത്ത വയാകയാൽ വായനക്കാർക്ക് ലഭ്യമല്ലല്ലോ. വ്യ.ആ എന്ന ചുരുക്കപ്പേര് നൽകി സൂചിപ്പിക്കാം. വിവരപ്രധാനമായ പരാമർശത്തിന് :

  രചയിതാവിന്റെ പേര് , വർഷം , വ്യ.ആ, തീയതി, മാസം

  കർതൃപ്രധാനമെങ്കിൽ:

  വർഷം, വ്യ.ആ, തീയതി, മാസം

- എൻസൈക്ലോപീഡിയ, ഡിക്ഷണറി തുടങ്ങിയവയിൽ നിന്നോ പാഠത്തിൽ ഉദ്ധരിക്കുമ്പോൾ അതിന് രചയിതാവോ എഡിറ്ററോ ഇല്ലെങ്കിൽ റഫറൻസ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ല.
- റേഡിയോയിലെ വാർത്താപ്രക്ഷേപണം ആണെങ്കിൽ, കഴിയുമെങ്കിൽ ആ പ്രക്ഷേപണത്തിന്റെ കൈയെഴുത്തുപ്രതി കണ്ടെത്താൻ ശ്രമിക്കുക.
- ബൈബിൾ വചനങ്ങൾ പാഠത്തിൽ ഉദ്ധരിക്കുന്നെങ്കിൽ അതിന് റഫറൻസ് ലിസ്റ്റിൽ ചേർക്കേണ്ടതില്ല.
- ട്വിറ്ററിൽ നിന്ന് ഉദ്ധരിക്കുമ്പോൾ ട്വീറ്ററുടെ യഥാർഥനാമം അറിയുമെങ്കിൽ അത് നൽകി അതിനുശേഷം സ്ക്രീൻ നെയിം ചതുരവലയത്തിൽ നൽകുക. യഥാർത്ഥ നാമം അറിയില്ലെങ്കിൽ സ്ക്രീൻ നെയിം മാത്രം ചതുരവലയം കൂടാതെ നല്കുക.